**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി - പെൻഷൻ ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്ക് യാത്രാബത്ത അനുവദിക്കുന്നത്- ഗ്രേഡ് തിരിച്ച് കൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം. സി) വകുപ്പ്**

സ.ഉ. (സാധാ) നം.9618/2015/ധന തീയതി, തിരുവനന്തപുരം, 04/11/2015

---

പരാമർശം :- സ.ഉ.(പി) നം.94/2011/ധന തീയ്യതി. 01.03.2011.

**<u>ഉത്തരവ്</u>**

ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിലുള്ള മഹിളാപ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും ഒരു പുതുക്കിയ പെൻഷൻ പദ്ധതി പരാമർശം (1) ലെ ഉത്തരവ് അനുസരിച്ച് ഏർപ്പെടുത്തുകയും ഈ പദ്ധതിയുടെ ഭാഗമായി "നാഷണൽ സേവിംഗ്സ് ഏജന്റ്സ് സ്കീം പെൻഷൻ ബോർഡ്" രൂപീകരിക്കുകയും ചെയ്തിരുന്നു. ധനകാര്യ വകുപ്പ് (വ്യയം) സെക്രട്ടറി ചെയർമാനും, ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ മെമ്പർ സെക്രട്ടറിയും, പെൻഷൻ സ്പെഷ്യൽ ഓഫീസർ, ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) ഏജന്റ്സ് വെൽഫയർ സെക്ഷന്റെ അണ്ടർ സെക്രട്ടറി, നാഷണൽ സേവിംഗ്സ് ഏജന്റ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളായുമാണ് നിലവിൽ പെൻഷൻ ബോർഡ് പ്രവർത്തിക്കുന്നത്. പെൻഷൻ ബോർഡിലെ ഏജന്റുമാരുടെ പ്രതിനിധികളായ അനൗദ്യോഗിക അംഗങ്ങൾക്ക് പെൻഷൻ ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത അനുവദിക്കുന്നതിനുള്ള ശുപാർശ ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

കെ.എസ്.ആർ. ഭാഗം II, ചട്ടം 111 (I) പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഏജന്റ്സ് സ്കീം പെൻഷൻ ബോർഡിനെ ഫസ്റ്റ് ക്ലാസ്സ് എന്നോ സെക്കന്റ് ക്ലാസ്സ് എന്നോ ഗ്രേഡ് തിരിച്ച് ഉത്തരവിറക്കിയതിനുശേഷം പ്രസ്തുത ഗ്രേഡിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം II, ചട്ടം 111 (ii), (iii) എന്നിവയ്ക്ക് വിധേയമായി മാത്രമേ പെൻഷൻ ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്ക് യാത്രാബത്ത അനുവദിക്കുവാൻ കഴിയുകയുള്ളൂ.

(മറുപുറം)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ദേശീയ സമ്പാദ്യ പദ്ധതി പെൻഷൻ ബോർഡിലെ പ്രതിനിധികളായ ഏജന്റുമാർക്ക് പെൻഷൻ ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിലേക്ക് ദേശീയ സമ്പാദ്യ പദ്ധതി പെൻഷൻ ബോർഡിനെ കെ.എസ്.ആർ. ഭാഗം II, ചട്ടം 111 (I) പ്രകാരം സെക്കന്റ് ക്ലാസ്സ് ആയി ഗ്രേഡ് തിരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയ് മേരി ജോൺ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3.അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4.ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
5.നോഡൽ ഓഫീസർ, www.finance.kerala.gov.in
6.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ